## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1074** **04.12.2014 ൽ മറുപടിക്ക്**

**കുടപ്പനക്കുന്നിലെ ജവഹർ അൺ എയ്ഡഡ് സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ.ബേബി | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | വിദ്യാർത്ഥിയെ പട്ടിക്കൂട്ടിൽ അടച്ചതിന്റെ പേരിൽ അടച്ചുപൂട്ടിയ കുടപ്പനക്കുന്നിലെ ജവഹർ അൺ എയ്ഡഡ് സ്കൂൾ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; ബഹു.മുഖ്യമന്ത്രി ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു; | (എ) | ഉണ്ട്. ബഹു.മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശമൊന്നും നൽകിയിരുന്നില്ല. |
| (ബി) | സ്കൂൾ വീണ്ടും തുറക്കാൻ അനുവാദത്തിന് അപേക്ഷിച്ച മാനേജർക്ക് ഡി.പി.ഐ നൽകിയ ഉത്തരവ് എന്തായിരുന്നു; പിന്നീടതിൽ മാറ്റം വരുത്തുകയുണ്ടായോ; | (ബി) | സ്കൂൾ അടച്ചുപൂട്ടിക്കൊണ്ട് ഡി.പി.ഐ നൽകിയ 30.09.2014 ലെ ഉത്തരവ് പുന:പരിശോധിക്കണമെന്ന് കാട്ടി 09.10.2014 ൽ മാനേജർ സമർപ്പിച്ച അപേക്ഷ നിരസിക്കുകയും വിദ്യാർത്ഥികളെ സമീപ സ്കൂളുകളിലേക്ക് മാറ്റാൻ ഉടൻ നടപടി സ്വീകരിക്കണമെന്നും അല്ലാത്ത പക്ഷം ആർ.ടി.ഇ ആക്റ്റ് നിഷ്കർഷിച്ച നിയമ നടപടികൾ നേരിടേണ്ടിവരുമെന്നുമാണ് ഡി.പി.ഐ ഉത്തരവിട്ടത്. എന്നാൽ കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് ഈ അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിന് പിന്നീട് സർക്കാർ അനുമതി നൽകുകയുണ്ടായി. എന്നാൽ ബഹു.ഹൈക്കോടതി ഈ ഉത്തരവ് റദ്ദാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്കൂൾ നടത്തിപ്പിൽ എന്തെല്ലാം നിലയിലുള്ള ആക്ഷേപങ്ങൾ ഡി.പി.ഐ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നു? | (സി) | സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂൾ നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയും അംഗീകാരമില്ലാതെയും ഇടുങ്ങിയതും വൃത്തിഹീനവുമായ ക്ലാസ് മുറികളും പരിസരത്തിലുമാണ് പ്രസ്തുത സ്കൂൾ പ്രവർത്തിച്ചിരുന്നതെന്ന് അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. കൂടാതെ പ്രാകൃതമായ ശിക്ഷാവിധികളും അശാസ്ത്രീയമായ ശിക്ഷണവുമാണ് പ്രസ്തുത സ്കൂളിലെന്നും ആക്ഷേപമുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ